# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3339 — 22/08/2017-ൽ മറുപടിക്ക്

## സംസ്ഥാനത്തെ മലിനീകരണത്തിന്റെ തോത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അൻവർ സാദത്ത്<br>,, ഷാഫി പറമ്പിൽ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിയ പരിസ്ഥിതി സാക്ഷരതാ സർവ്വേയിൽ സംസ്ഥാനത്തെ മലിനീകരണത്തിന്റെ തോത് അപകടകരമായ തരത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | പരിസ്ഥിതി സാക്ഷരത സർവ്വേ റിപ്പോർട്ട് 2017 പ്രകാരം കേരളത്തിൽ നിലവിലെ സാഹചര്യത്തിൽ ഗുരുതരമായ പരിസര മലിനീകരണവും പരിസ്ഥിതി മലിനീകരണവും നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ പരിസരമലിനീകരണ പ്രശ്നങ്ങൾ അനുഭവിക്കുന്നവർ 79.05% ആണ്. |
| (ബി) | പരിസരമലിനീകരണം കാരണം ജനങ്ങൾ അതിവേഗം രോഗികളാകുന്നുവെന്നും സംസ്ഥാനത്ത് ശ്വാസകോശ രോഗങ്ങളും, ത്വക്ക് രോഗങ്ങളും, അർബുദവും വർദ്ധിക്കുന്നുവെന്നും വസ്തുതയാണോ; | (ബി) | പരിസ്ഥിതി മലിനീകരണം മൂലമുള്ള രോഗങ്ങളിൽ ശ്വാസകോശ രോഗങ്ങൾ 42.73%, ചർമ്മരോഗങ്ങൾ 36.37%, ക്യാൻസർ രോഗങ്ങൾ 14.04%, മറ്റുള്ള രോഗങ്ങൾ 6.86% ആണ് എന്ന് സർവ്വേപഠനം ചൂണ്ടിക്കാണിക്കുന്നു. |
| (സി) | ചുരുക്കം ചില മേഖലകളിലൊഴികെ സംസ്ഥാനത്തെ മിക്ക നഗരസഭകളും പഞ്ചായത്തുകളും മാലിന്യ നിർമ്മാർജ്ജനത്തിൽ പരാജയപ്പെട്ടിരിക്കുന്നുവെന്ന ആക്ഷേപം കണക്കിലെടുത്ത് മാലിന്യ നിർമ്മാർജ്ജനത്തെ ജനകീയ പ്രസ്ഥാനമായി വളർത്തിക്കൊണ്ടുവരുവാൻ എന്ത് നടപടികളാണ് ആവിഷ്കരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കുക എന്ന പൊതു സമീപനമാണ് സ്വീകരിച്ചു വരുന്നത്. സംസ്ഥാനതലത്തിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനത്ത് നവ കേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന് രൂപം നൽകിയിട്ടുണ്ട്.പ്രസ്തുത മിഷന്റെ ഒരു ഉപദൗത്യമാണ് ശുചിത്വ മാലിന്യ സംസ്കരണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജന പങ്കാളിത്തം ഉറപ്പാക്കി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സർക്കാർ |

| | | | |
|---|---|---|---|
| | | | മാർഗ്ഗ രേഖ 15-07-2017-ൽ പുറപ്പെട്ടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**